## 15 -ാം കേരള നിയമസഭ

## 7 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1061** **07-12-2022 - ൽ മറുപടിയ്ക്ക്**

## വന്യമൃഗങ്ങളുടെ ആക്രമണം തടയാൻ നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (നെന്മാറ) | | ശ്രീ . എ . കെ . ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | നെന്മാറ നിയോജക മണ്ഡലത്തിൽ വന്യമൃഗങ്ങളുടെ ശല്യം കാരണം മലയോര കർഷകരുടെ കൃഷിയിടങ്ങൾ നശിക്കുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) | നെന്മാറ നിയോജക മണ്ഡലത്തിൽ വന്യമൃഗങ്ങളുടെ ശല്യം കാരണം മലയോര കർഷകരുടെ കൃഷിയിടങ്ങൾ നശിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ആയത് പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ? | (ബി) | വന്യജീവികൾ ജനവാസമേഖലകളിലേക്ക് ഇറങ്ങുന്നത് നിരീക്ഷിക്കുന്നതിനും ജനങ്ങൾക്ക് മുന്നറിയിപ്പ് നൽകുന്നതിനുമായി സ്റ്റാഫിന്റെ മേൽ നോട്ടത്തിൽ 16 വാച്ചർമാരെ വിന്യസിച്ചിട്ടുണ്ട്. മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി നെന്മാറ നിയോജക മണ്ഡലം പരിധിയിൽ 83.85 കി.മീ ഹാങിംഗ് ഫെൻസിംഗ് നിർമ്മിച്ചിട്ടുണ്ട്. സൗരോർജ്ജ വേലികൾ യഥാസമയം അറ്റകുറ്റപ്പണി നടത്തി പ്രവർത്തനക്ഷമമായി നിലനിർത്തുന്നതിനും വാച്ചർമാരെ നിയോഗിച്ചിട്ടുണ്ട്. വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി നെന്മാറ നിയോജകമണ്ഡലം പരിധിയിൽ കൊല്ലംകോട് റെയിഞ്ചിന് കീഴിൽ വരുന്ന കൊല്ലംകോട് സെക്ഷനിൽ 9 കി.മീ. ഹാങ്ങിംഗ്ഫെൻസിംഗ് സ്ഥാപിക്കുന്നതിനുള്ള പ്രൊപ്പോസൽ നബാർഡ് സ്കീമിൽ സർക്കാരിലേയ്ക്ക് സമർപ്പിച്ചത് പരിശോധിച്ച് വരികയാണ്. നെന്മാറ ഡിവിഷനിൽ ഒരു സ്ഥിരം ആർ.ആർ.ടി രൂപീകരിക്കുന്നതിനായി നടപടി സ്വീകരിച്ചിട്ടുള്ളതാണ്.<br><br>നെന്മാറ ഡിവിഷൻ പരിധിയിൽ മലയോര മേഖലകൾ പങ്കിടുന്ന പഞ്ചായത്തുകളിൽ പഞ്ചായത്ത് തലത്തിൽ 7 ജനജാഗ്രതാ സമിതികൾ രൂപീകരിച്ച് വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്. കൃഷിനാശം വരുത്തുന്ന കാട്ടുപന്നികളെ 18.05.2020 ലെ സ.ഉ(സാധാ)നമ്പർ 111/2020/വനം ഉത്തരവിന്റെ |

| | | | |
|---|---|---|---|
| | | | അടിസ്ഥാനത്തിൽ 01.09.2021 മുതൽ 31.05.2022 വരെ 286 കാട്ടുപന്നികളെ പാനൽ വിദഗ്ധരുടെ സഹായത്തോടെ വെടിവെച്ച് കൊന്നിട്ടുണ്ട്. 31.05.2022 തീയതിയിലെ സ.ഉ(ആർ.ടി) 239/ 2022/വനം നമ്പർ ഉത്തരവ് പ്രകാരം നിലവിൽ പഞ്ചായത്തുകൾക്ക് ഈ ചുമതല ഏൽപ്പിച്ച് കൊടുത്തിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ